ഫെബ്രുവരി 23,2014

# രണ്ടാം യു.പി.എ. സർക്കാരിന്റെ രാജ്യസഭാ കാലാവധി

**അരുൺ ജെയ്റ്റ്ലി,**
**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

രണ്ടാം യു.പി.എ സർക്കാരിന്റെ അവസാന പാർലമെന്റ് സമ്മേളനം തീരുകയാണ്. രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് എന്ന നിലയിലും എന്റെ സ്വന്തം പാർട്ടിയുടെ നേതാവ് എന്ന നിലയിലും കഴിഞ്ഞ അഞ്ചുവർഷത്തെ രാജ്യസഭാപ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുന്നതിനുള്ള അവസരം എനിക്കു ലഭിച്ചു. ഭരണരംഗത്തും പ്രതിപക്ഷരംഗത്തുമുള്ള നിരവധി അംഗങ്ങൾ രാജ്യസഭയിൽ പല വിഷയങ്ങളിലും സംവാദം നടത്തുന്നത് കഴിഞ്ഞ അഞ്ചുവർഷമായി നേരിട്ടു കാണാനിടയായി. ശബ്ദകോലാഹലങ്ങളും എതിർപ്പുകളും തടസ്സങ്ങളും മൂലം സഭയിലെ വിലയേറിയ സമയം നഷ്ടപ്പെട്ടതിൽ എനിക്ക് ഖേദമുണ്ട്. ഉയർന്ന നിലവാരമുള്ള സംവാദങ്ങൾ വൻതോതിൽ പൊതുജനോപകാരപ്രദങ്ങളായിരുന്നു എന്നുള്ളതിൽ തർക്കമില്ലെങ്കിലും ഇതുവഴി പ്രതിപക്ഷാംഗങ്ങൾക്കും മറ്റംഗങ്ങൾക്കും സഭയിലെ ശബ്ദകോലാഹലങ്ങളെക്കാൾ സംവാദങ്ങൾ വഴി നേട്ടമുണ്ടായി. ശക്തമായ പ്രതിപക്ഷം, പര്യാപ്തമായ തയ്യാറെടുപ്പില്ലാതെ സഭയിലെത്തുന്ന മന്ത്രിമാരെക്കാൾ പ്രാധാന്യം അർഹിച്ചിരുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ രാജ്യസഭയിൽ നടന്ന ചില പ്രത്യേക സംവാദങ്ങളെക്കുറിച്ചുള്ള അനുഭവങ്ങൾ ഇത്തരുണത്തിൽ ഞാനോർക്കുന്നു. 2009ലെ മഴക്കാലസമ്മേളനത്തിൽ 2ജി സ്പെക്ട്രത്തെ ബന്ധപ്പെടുത്തുന്ന വിഷയത്തെക്കുറിച്ചുള്ള മൂന്നു ദിവസത്തെ മുഴുവൻസമയ സംവാദം എന്റെ ഓർമ്മയിൽ വരുന്നു. അന്ന് അഴിമതി ആരോപിക്കപ്പെട്ട ടെലികോം മന്ത്രിയായിരുന്ന ശ്രീ. എ. രാജ തനിക്കുവേണ്ടി വളരെ ബുദ്ധിമുട്ടി പ്രതിരോധിക്കുന്നത് കാണാമായിരുന്നു. അന്നുവരെ അറിയപ്പെടാതിരുന്ന ധാരാളം വസ്തുതകൾ പിന്നീട് ആരോപിതനായ വ്യക്തിയുടെമേൽ സി.ബി.ഐ. ചുമത്തിയ ചാർജ്ഷീറ്റിൽ ഉൾപ്പെട്ടിരുന്നു.

ഇന്ത്യൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ പ്രധാനമന്ത്രിയും തമ്മിൽ ഷാം - എൽ-ഷേക്കിൽ നടത്തിയ സംയുക്ത പ്രസ്താവനയിൽ തീവ്രവാദത്തിനെതിരെയുള്ള ഇന്ത്യയുടെ ഉത്കണ്ഠ താഴ്ത്തിക്കാട്ടുകയും അതുവഴി പാകിസ്ഥാനുമായി വിലപേശലിനിടയാകുകയും ചെയ്തു. ഇത് രാജ്യസഭയിൽ വലിയ വിവാദങ്ങൾക്കിടവരുത്തുകയും പ്രധാനമന്ത്രിയിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. കോപ്പൻഹേഗനിലെ കാലാവസ്ഥാമാറ്റത്തെ തുടർന്നുള്ള രാജ്യസഭയിലെ സംവാദം, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള ലഘുലേഖയ്ക്ക് വഴിയൊരുക്കി. ഈ സംവാദത്തിന്റെ ഉയർന്ന നിലവാരം ഈ വിഷയത്തിലെ വിദഗ്ദ്ധർക്ക് അസൂയ സൃഷ്ടിക്കുന്നതായിരുന്നു.

1992 ഡിസംബർ ആറാം തീയതിയിലെ സംഭവങ്ങളിന്മേലുള്ള ജസ്റ്റിസ് ലിബറാൻ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് പാർലമെന്റിന്റെ ഇരുസഭകളിലും സംവാദം നടന്നു. ഈ സംവാദം റിപ്പോർട്ടിലെ ആരോപണങ്ങളെയും വൈരുദ്ധ്യങ്ങളെയും കുറിച്ച് രാത്രി വൈകിയും സഭയിൽ തുടരുകയുണ്ടായി. ജസ്റ്റിസ് സൗമിത്ര സെന്നിന്റെ മേലുള്ള കുറ്റവിചാരണ രാജ്യസഭയിൽ രണ്ടു ദിവസം നീണ്ടുനിന്ന സംവാദമായി മാറി. ജഡ്ജിന്റെ പ്രസ്താവന അംഗങ്ങൾ സാകൂതം കേൾക്കുകയും അതുവഴി രാജ്യസഭ ഒരു കോടതി മുറിയായി മാറുകയും ചെയ്തു. ജഡ്ജിയുടെ വാദം അംഗങ്ങൾ പരിഗണിക്കുകയും അവയെക്കുറിച്ച് വിശകലനം ചെയ്യുകയും അതുവഴി ജഡ്ജി കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്തു. ഡബ്രി, കൊക്രാജർ എന്നീ വടക്കു-കിഴക്കൻ പ്രദേശങ്ങളിലെ വർഗ്ഗീയപ്രശ്നവും വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളുടെമേലുള്ള ആക്രമണങ്ങളും രാജ്യസഭയിൽ ആവർത്തിച്ചുള്ള സംവാദങ്ങൾക്കിടയാക്കി. അംഗങ്ങൾ ഭരണപ്രതിപക്ഷഭേദമന്യേ ദേശീയ താത്പര്യം മുൻനിർത്തി വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ പ്രശ്നങ്ങളിൽ കൂടുതൽ താത്പര്യം പ്രകടിപ്പിച്ചു.

രാജ്യസഭയിൽ അഴിമതി പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. ചില പ്രത്യേക പ്രശ്നങ്ങളായ കോമൺവെൽത്ത് ഗെയിംസ് അഴിമതി, കൽക്കരിപ്പാട വിതരണ അഴിമതി, വി.വി.ഐ.പി. ഹെലികോപ്ടർ അഴിമതി എന്നിവ രാജ്യസഭയിൽ ദീർഘനേരം സംവാദത്തിനിടയാക്കി. ലോക്പാൽ ബില്ലിനെക്കുറിച്ച് ര ണ്ടിൽക്കൂടുതൽ പ്രാവശ്യം സഭയിൽ സംവാദം നടന്നു. 2011 ഡിസംബർ 29ന് ഉപേക്ഷിക്കപ്പെട്ട ലോ ക്പാൽ ബിൽ സംവാദത്തിൽ ഭൂരിഭാഗം അംഗങ്ങളും അർദ്ധരാത്രി വരെ എതിർപ്പു പ്രകടിപ്പിക്കുകയു ണ്ടായി. എന്നാൽ, ഈ ബിൽ രാജ്യസഭയുടെ സെലക്ഷൻ കമ്മിറ്റിക്ക് അയയ്ക്കുകയും അന്തിമമായി രാജ്യസഭ ലോക്പാൽ ബിൽ അംഗീകരിക്കുകയുമായിരുന്നു. അഴിമതിക്കെതിരെ പോരാടുന്ന അന്നാ ഹസാരെയെ അറസ്റ്റു ചെയ്തത് രാജ്യസഭയിൽ ചൂടുപിടിച്ച സംവാദത്തിനിടയാക്കി.

രാജ്യസഭയുടെ അറുപതുവർഷത്തെ പ്രവർത്തനം അംഗങ്ങൾക്കിടയിൽ ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചുള്ള വ്യക്തമായ അറിവു നേടുന്നതിന് അവസരം ലഭിച്ചു. ഈ സംവാദം പക്ഷപാതരഹിതവും പ്രചോദനപ്രദവുമായിരുന്നു. ഉപശാലകളിലെ ഔചിത്യബോധമില്ലാത്ത ഫോൺചോർത്തലുകൾ ഭരണാധികാരികളുടെ മേലുള്ള സ്വാധീനത്തെക്കുറിച്ചും സഭയിൽ ചൂടേറിയ സംവാദത്തിന് വഴിയൊരുക്കി.

സഭയിൽ വിവിധ മന്ത്രിമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളും പരിഗണനയ്ക്കു വന്നു. രാജ്യസഭ വിവിധ നിയമനിർമ്മാണങ്ങൾ പാസ്സാക്കി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വനിതാസംവരണ ബില്ലായിരുന്നു (ഇത് ലോക്സഭ പാസ്സാക്കിയിട്ടില്ല). ഇതിനുപുറമേ ലോക്പാൽനിയമം, ആന്ധ്രാപ്രദേശ് വിഭജന നിയമം, ന്യൂക്ലിയർ നഷ്ടബില്ലിനുമേലുള്ള ആഭ്യന്തര ബാധ്യത, ഭക്ഷ്യ ബിൽ, പുതിയ ഭൂനിയമം എന്നിവ ഉൾപ്പെടുന്നു. ആഭ്യന്തര ന്യൂക്ലിയർ ബാധ്യതാബില്ലിനെക്കുറിച്ചുള്ള ചർച്ച ഉയർന്ന നിലവാരവും സാങ്കേതികത്വവും പുലർത്തുന്നതായിരുന്നു. വനിതാ സംവരണബില്ലും തെലങ്കാന രൂപീകരണ ബില്ലും സഭയിൽ ചൂടുപിടിച്ച ചർച്ചയ്ക്ക് വഴിയൊരുക്കുകയും അംഗങ്ങൾ ഈ തടസ്സങ്ങൾക്കിടയിൽ പ്രസംഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നിരവധി തടസ്സങ്ങളുണ്ടായെങ്കിലും ചർച്ച ദിവസം മുഴുവൻ നീണ്ടുനിന്നു.

സഭയിലെ മിക്ക സംവാദങ്ങളും സ്വകാര്യ വാർത്താചാനലുകൾ നേരിട്ട് സംപ്രേഷണം ചെയ്തത് സംവാദത്തിന്മേലുള്ള പൊതുതാത്പര്യത്തെ സൂചിപ്പിക്കുന്നവയായിരുന്നു. ജസ്റ്റിസ് സൗമിത്ര സെന്നിനെതിരെയുള്ള കുറ്റാരോപണം, രാജ്യസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പ്രധാന വിഷയമായിരുന്നു.

ഉയർന്ന നിലവാരം പുലർത്തുന്നവയായിരുന്നു രാജ്യസഭാസംവാദങ്ങൾ. നിരവധി അംഗങ്ങൾ, പ്രത്യേകിച്ച് ചെയർമാനെയും പ്രകോപിപ്പിക്കുന്നതായിരുന്നു സഭയിലെ ശബ്ദകോലാഹലങ്ങൾ. 'അരാജകത്വവാദികളുടെ സംയുക്തകേന്ദ്രം എന്നാണ് രാജ്യസഭയെ ഒരവസരത്തിൽ ചെയർമാൻ വിശേഷിപ്പിച്ചത്. ഈ വിശേഷണം സഭയുടെ റെക്കാഡിൽ ഉൾപ്പെടുമോ എന്ന കാര്യത്തെക്കുറിച്ച് ദീർഘമായ ചർച്ച വേണമെന്നുവരെ അംഗങ്ങൾ ബഹളമുണ്ടാക്കി. ഇതിനെ ചില അംഗങ്ങൾ അനുകൂലിക്കുകയും മറ്റുള്ളവർ എതിർക്കുകയും ചെയ്തു. അരാജകത്വവാദികൾക്ക് സംയുക്തതയുണ്ടോ എന്ന കാര്യത്തിൽ ഒരംഗം അതിശയം പ്രകടിപ്പിച്ചു. സംവാദം നിലനിൽക്കുന്ന ഈ സഭയാണ് ഇന്ത്യയുടെ പല പ്രതീക്ഷകൾക്കും വഴിയൊരുക്കുന്നത്.